**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 254** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>ആന്റി റാബീസ് കുത്തിവെയ്പ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ആന്റി റാബീസ് കുത്തിവെയ്പ്പ് നടത്തിയിട്ടും ആളുകൾ മരണമടയുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പേവിഷ ബാധ മൂലമുള്ള മരണങ്ങൾ വിശദമായ അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. National Centre For Disease Control, Central Drugs Standards Control Organisation (CDSCO), ആരോഗ്യ വകുപ്പ്, State Public Health Lab, ജില്ലാ സർവെയിലൻസ് ഓഫീസർമാർ എന്നിവരടങ്ങുന്ന സംഘം പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. മൃഗങ്ങളുടെ കടിയുടെ സ്വഭാവം, ഇടപെടലുകളുടെ സമയബന്ധിത, സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ പാലിക്കൽ, വാക്സിൻ കോൾഡ് ചെയിൻ, അഡ്മിനിസ്ട്രേഷൻ സാങ്കേതിക വിദ്യകൾ, ജീവനക്കാർക്കുള്ള പരിശീലനം, IEC നടപടികളുടെ പര്യാപ്തത, പേവിഷബാധയ്ക്കെതിരായ പ്രതിരോധത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം എന്നിവയുൾപ്പെടെ വിവിധ വശങ്ങൾ അന്വേഷണസംഘം പരിശോധനാവിധേയമാക്കി.

മുഖത്തും, കഴുത്തിലും, തലയിലും, കൈകളിലുമുണ്ടായിട്ടുള്ള ഗുരുതരമായ Category 3 മുറിവുകളിലൂടെ നേരിട്ട് ഞരമ്പുകളിൽ വൈറസ് പ്രവേശിച്ചത് കാരണമാണ് മരണങ്ങൾ തടയുവാൻ കഴിയാത്തത് എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. മരണപ്പെട്ട എല്ലാ കേസുകളിലും കഴുത്ത്, തല തുടങ്ങി ശരീരത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ ഗുരുതരവും ആഴത്തിലുള്ളതുമായ കാറ്റഗറി 3 പരിക്കുകൾ ഉണ്ടായിട്ടുള്ളവരാണ്. ആയതിനാൽ രോഗകാരിക്ക് നാഡി പോളയിലേക്ക് (nerve sheath) എളുപ്പത്തിൽ തുളച്ചുകയറാനും തലച്ചോറിലേക്ക് കയറാനും കഴിയും. അത്തരം സന്ദർഭങ്ങളിൽ, റാബിസ് ഇമ്മ്യൂണോഗ്ലോബുലിൻ, വാക്സിനേഷൻ എന്നിവ ഫലപ്രദമല്ലാതാകുകയും മരണം സംഭവിക്കുകയും ചെയ്യുന്നതാണ്.

പ്രതിരോധ കുത്തിവയ്പുകൾ എടുത്തിട്ടും മരണം സംഭവിച്ച കേസുകളിൽ, പ്രസ്തുത ബാച്ചുകളിലുള്ള ലഭ്യമായ വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ഗുണനിലവാര പരിശോധനക്കായി Central Drugs Laboratory, Kasauli യിൽ അയച്ചതിൽ പരിശോധിച്ച ബാച്ചുകളെല്ലാം ഗുണനിലവാരം പാലിക്കുന്നവയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.

**(ബി)** എങ്കിൽ ഇതിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** പേവിഷ ബാധ മൂലമുള്ള മരണങ്ങൾ വിശദമായ അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. National Centre For Disease Control, Central Drugs Standards Control Organisation (CDSCO), ആരോഗ്യ വകുപ്പ്, State Public Health Lab, ജില്ലാ സർവെയിലൻസ് ഓഫീസർമാർ എന്നിവരടങ്ങുന്ന സംഘം പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. മൃഗങ്ങളുടെ കടിയുടെ സ്വഭാവം, ഇടപെടലുകളുടെ സമയബന്ധിത, സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ പാലിക്കൽ, വാക്സിൻ കോൾഡ് ചെയിൻ, അഡ്മിനിസ്ട്രേഷൻ സാങ്കേതിക വിദ്യകൾ, ജീവനക്കാർക്കുള്ള പരിശീലനം, IEC നടപടികളുടെ പര്യാപ്തത, പേവിഷബാധയ്ക്കെതിരായ പ്രതിരോധത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം എന്നിവയുൾപ്പെടെ വിവിധ വശങ്ങൾ അന്വേഷണസംഘം പരിശോധനാവിധേയമാക്കി.

മുഖത്തും, കഴുത്തിലും, തലയിലും, കൈകളിലുമുണ്ടായിട്ടുള്ള ഗുരുതരമായ Category 3 മുറിവുകളിലൂടെ നേരിട്ട് ഞരമ്പുകളിൽ വൈറസ് പ്രവേശിച്ചത് കാരണമാണ് മരണങ്ങൾ തടയുവാൻ കഴിയാത്തത് എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. മരണപ്പെട്ട എല്ലാ കേസുകളിലും കഴുത്ത്, തല തുടങ്ങി ശരീരത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ ഗുരുതരവും ആഴത്തിലുള്ളതുമായ കാറ്റഗറി 3 പരിക്കുകൾ ഉണ്ടായിട്ടുള്ളവരാണ്. ആയതിനാൽ രോഗകാരിക്ക് നാഡി പോളയിലേക്ക് (nerve sheath) എളുപ്പത്തിൽ തുളച്ചുകയറാനും തലച്ചോറിലേക്ക് കയറാനും കഴിയും. അത്തരം സന്ദർഭങ്ങളിൽ, റാബിസ് ഇമ്മ്യൂണോഗ്ലോബുലിൻ, വാക്സിനേഷൻ എന്നിവ ഫലപ്രദമല്ലാതാകുകയും മരണം സംഭവിക്കുകയും ചെയ്യുന്നതാണ്.

പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിട്ടും മരണം സംഭവിച്ച കേസുകളിൽ, പ്രസ്തുത ബാച്ചുകളിലുള്ള ലഭ്യമായ വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ഗുണനിലവാര പരിശോധനക്കായി Central Drugs Laboratory, Kasauli യിൽ അയച്ചതിൽ പരിശോധിച്ച ബാച്ചുകളെല്ലാം ഗുണനിലവാരം പാലിക്കുന്നവയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.

**(സി)** തെരുവുനായ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നൽകുന്ന പ്രതിരോധ വാക്സിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

**<u>മറുപടി:</u>** തെരുവുനായ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നൽകുന്ന പ്രതിരോധ വാക്സിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ **അനുബന്ധ**മായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## പേവിഷ പ്രതിരോധ വാക്സിനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ

സംസ്ഥാന ആരോഗ്യവകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) എന്ന സ്ഥാപനം മുഖേനയാണ്. ചുവടെ പ്രസ്താവിച്ചിട്ടുള്ള 2 ഇനം മരുന്നുകളാണ് പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചു നൽകി വരുന്നത്.

1. RABIES VACCINE FOR HUMAN IP
2. EQUINE ANTI RABIES IMMUNOGLOBULIN

പ്രസ്തുത മരുന്നുകളുടെ ഗുണനിലവാര പരിശോധനയുടെ ഭാഗമായി, ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ധർ അടങ്ങുന്ന സമിതി മരുന്ന് ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം അവിടെ ഉണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ, മരുന്നുകൾ വിതരണം നടത്തുന്നതിനു മുൻപ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്ര മരുന്നു പരിശോധനാ ലബോറട്ടറിയായ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി (Kasauli) യിൽ നിന്നുമുള്ള പരിശോധനാഫലവും ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും ഗുണനിലവാര വിഭാഗത്തിലേയ്ക്ക് ഇ-മെയിലിലൂടെ അയച്ചു നൽകുന്നു. ടി പരിശോധനാഫലം പരിശോധിച്ച ശേഷം ഗുണനിലവാര വിഭാഗം approve ചെയ്യുന്ന ഇനങ്ങളുടെ ബാച്ചുകൾ മാത്രമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങൾ മുഖേന സംഭരിച്ച് അതത് സർക്കാർ ആശുപത്രികൾക്ക് ഇൻഡന്റിനും ആവശ്യകതയ്ക്കും അനുസൃതമായി വിതരണം നടത്തിവരുന്നത്. കസൗലിയിലെ സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിൽ ഓരോ ബാച്ചിനും ഗുണനിലവാര പരിശോധന നടത്തിയതിനുശേഷം മാത്രമേ വാക്സിനുകൾ ഡെലിവറിക്ക് സ്വീകരിക്കുകയുള്ളൂ.

ഇത്തരത്തിൽ വിതരണം നടത്തുന്ന പേവിഷ പ്രതിരോധ വാക്സിനുകൾ നിശ്ചിത താപനിലയിൽ (2-8 ഡിഗ്രി സെൽഷ്യസിൽ) ആണ് വിതരണം നടത്തുന്നത്. പ്രസ്തുത താപനില ഉറപ്പുവരുത്തുന്നതിന് വാഹനങ്ങളിൽ Temperature Data loggers ദർഘാസ് വ്യവസ്ഥ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതും, പ്രസ്തുത വാക്സിനുകളുടെ വിതരണ സമയത്ത് അതാത് ജില്ലാ

വെയർഹൗസുകളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ താപനില നിരീക്ഷിച്ച് ഉറപ്പ് വരുത്താറുമുള്ളതുമാണ്.

നിശ്ചിത താപനിലയിലല്ല ടി ഇനങ്ങൾ വിതരണം നടത്തിയതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത വാക്സിനുകൾ ജില്ലാ മരുന്ന സംഭരണകേന്ദ്രങ്ങളിൽ സ്വീകരിക്കാതെ മടക്കി അയക്കാറുണ്ട്. ഇത്തരത്തിൽ കോർപ്പറേഷന്റെ ജില്ലാ മരുന്ന സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മരുന്നുകൾ നിശ്ചിത താപനിലയിൽ സൂക്ഷിക്കേണ്ട Walk in cold Room-കളിൽ സൂക്ഷിച്ച് ആശുപത്രികളുടെ ആവശ്യകതയ്ക്ക് അനുസൃതമായി വിതരണം നടത്തിവരുന്നു.

Walk-in-cold-Room കളുടെ താപനിലയും കൃത്യമായി മോണിറ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങൾക്ക് വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യമുള്ളപ്പോൾ ഐസ് പാക്കുകൾ ഇട്ട Cold Box/Thermocol box എന്നിവയിലാണ് വിതരണം ചെയ്യുന്നത്. ഇവയോടൊപ്പം നൽകുന്ന Issue Note-ൽ Cold Chain നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകം രേഖപ്പെടുത്തുന്നു.

സ്ഥാപനങ്ങളിൽ വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സൂക്ഷിക്കുന്നത് നിശ്ചിത താപനില (2-8 ഡിഗ്രി സെൽഷ്യസിൽ) നിലനിർത്തുന്ന റഫ്രിജറേറ്ററുകളിലാണ്. ഇവയുടെ താപനിലയും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. രോഗികൾക്ക് നൽകുന്നതിന് വേണ്ടി മാത്രമാണ് വാക്സിൻ പുറത്തെടുക്കുന്നത്. ഇപ്രകാരം പുറത്തെടുക്കുന്ന വാക്സിൻ തിരികെ റഫ്രിജറേറ്ററുകളിൽ വയ്ക്കുകയോ നിശ്ചിത Ice Pack -കളുള്ള വാക്സിൻ കാരിയറുകളിൽ സൂക്ഷിക്കുകയോ ആണ് ചെയ്യുന്നത്. കൂടാതെ ഒരിക്കൽ ഉപയോഗിക്കുവാൻ തുടങ്ങിയ വാക്സിൻ വയൽ പരമാവധി 6 മണിക്കൂർ വരെ മാത്രമാണ് ഉപയോഗിക്കുന്നത്. അധികമുള്ള വാക്സിൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ